**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2230** **12-12-2022 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം സമരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീമതി.ഉമ തോമസ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വിഴിഞ്ഞത്ത് സമരത്തിന്റെ ഭാഗമായി നടക്കുന്ന സംഘർഷങ്ങൾ ഒഴിവാക്കാൻ പോലീസ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ; | (എ) | വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് സമരം ആരംഭിച്ചതു മുതൽ തന്നെ പ്രസ്തുത സ്ഥലത്തും സമീപ പ്രദേശങ്ങളിലും ക്രമസമാധാന പ്രശ്നങ്ങളും അനിഷ്ടസംഭവങ്ങളും ഒഴിവാക്കുന്നതിനായി ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെയും റവന്യൂ അധികാരികളുടെയും നേരിട്ടുള്ള മേൽനോട്ടത്തിൽ ശക്തമായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തി. ഓരോ ദിവസങ്ങളിലും നടന്ന വിവിധ പ്രതിഷേധ പരിപാടികളുടെ സ്വാഭാവം വിലയിരുത്തി ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുകയുമാണ് ചെയ്തത്. |
| (ബി) | വിഴിഞ്ഞത്ത് ഉണ്ടായ സംഘർഷത്തിന്റെ പേരിൽ ലത്തീൻ അതിരൂപത ആർച്ച് ബിഷപ്പിനെ ഒന്നാം പ്രതിയാക്കി പോലീസ് കേസെടുത്തിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായങ്ങളിലെ നിർദ്ദേശങ്ങൾ ലംഘിച്ച് നടന്ന സമരത്തിനിടെയുണ്ടായ സംഭവങ്ങളിൽ ക്രമസമാധാന പാലനത്തിന്റെ ഭാഗമായുള്ള നിയമാനുസൃത നടപടികളാണ് പോലീസ് സ്വീകരിച്ചത്. |
| (സി) | ആർച്ച് ബിഷപ്പിനെതിരെ അടക്കം കേസ് എടുത്ത പോലീസ് നടപടി പ്രദേശത്ത് പ്രകോപനം സൃഷ്ടിക്കുന്നതിന് കാരണമായിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | (ബി)-യിൽ ചേർത്തിട്ടുണ്ട്. |
| (ഡി) | വിഴിഞ്ഞം സമരത്തെ വർഗീയവൽക്കരിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; വിശദ വിവരം നൽകുമോ? | (ഡി) | അത്തരം ശ്രമങ്ങൾ ഉണ്ടാകാനിടയുള്ള സാധ്യതകൾ കണക്കിലെടുത്ത് മതിയായ സംവിധാനങ്ങൾ സർക്കാർ ഏർപ്പെടുത്തിയിരുന്നു. |

സെക്ഷൻ ഓഫീസർ